സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 61 ലക്കം: 02 2026 മാർച്ച് 02 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

തൃപ്പൂണിത്തുറയിൽ മത്സരിക്കാൻ സ്വരാജില്ല; പുതിയ നീക്കവുമായി സിപിഎം

കൊച്ചി: നിയമസഭാ തിരഞ്ഞെടുപ്പിൽ തൃപ്പൂണിത്തുറ മണ്ഡലത്തിൽ എം സ്വരാജ് മത്സരിക്കില്ലെന്ന് റിപ്പോർട്ട്. സ്വരാജ് വേണമെന്ന ജില്ലാ നേതൃത്വത്തിന്റെ ആവശ്യം സംസ്ഥാന നേതൃത്വം തള്ളിയെന്നാണ് പുതിയ വിവരം. തൃപ്പൂണിത്തുറ പിടിക്കാൻ വൈപ്പിൻ എംഎൽഎ കെ എൻ ഉണ്ണികൃഷ്ണനെ രംഗത്തിറക്കാനാണ് സിപിഎം തീരുമാനിച്ചിരിക്കുന്നതെന്നും സൂചനയുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ഔദ്യോഗിക സ്ഥിരീകരണം വന്നിട്ടില്ല. കൊച്ചി മുൻ മേയർ അനിൽ കുമാറിനെയും പരിഗണിച്ചില്ല. എം ബി ഷൈനി വൈപ്പിൻ സ്ഥാനാർത്ഥിയാകും. മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറിയാണ് ഷൈനി. നാളത്തെ സെക്രട്ടറിയേറ്റിൽ സ്ഥാനാർത്ഥി പട്ടികയ്ക്ക് അന്തിമരൂപം നൽകും.

തൃശൂർ ജില്ലാ കളക്ടർ ആയി ശിഖ സുരേന്ദ്രൻ ചുമതലഏറ്റെടുക്കുന്നു

യുഎഇയിൽ ആമസോൺ ഡേറ്റാ സെന്ററിന് നേരെ ആക്രമണം

അബുദാബി: യുഎഇയിലെ ആമസോൺ ഡേറ്റാ സെന്ററിനുനേരെ ആക്രമണം നടന്നതായി റിപ്പോർട്ട്. ആമസോണിന്റെ ക്ലൗഡ് യൂണിറ്റായ ആമസോൺ വെബ് സർവ്വീസസിൽ (എ ഡബ്ല്യു എസ്) അജ്ഞാതവസ്തു പതിച്ചതിനെ തുടർന്ന് തീപിടിത്തം ഉണ്ടായതായാണ് റിപ്പോർട്ട്. ഇതേതുടർന്ന് ഡേറ്റാസെന്ററിന്റെ പ്രവർത്തനം നിർത്തിവച്ചതായി മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇവിടേക്കുള്ള വൈദ്യുതി വിതരണം താൽക്കാലികമായി വിച്ഛേദിച്ചു.

ഇറാനിൽ യുഎസും ഇസ്രായേലും സംയുക്തമായി നടത്തുന്ന ആക്രമണങ്ങൾക്ക് തിരിച്ചടിയായി യുഎഇ ഉൾപ്പടെയുള്ള ഗൾഫ് രാജ്യങ്ങളിലെ അമേരിക്കൻ കേന്ദ്രങ്ങൾക്ക് നേരെ ഇറാൻ ആക്രമണങ്ങൾ നടത്തുന്നുണ്ട്. യുഎഇയിൽ പലയിടങ്ങളിലേക്കും ഇറാൻ മിസൈൽ ഡ്രോൺ ആക്രമണങ്ങൾ നടത്തുന്നുണ്ട്. ഇതിനിടെയിൽ ആമസോൺ ഡേറ്റാ സേന്ററിനുനേരെയും ആക്രമണമുണ്ടായതായാണ് കരുതുന്നത്. യുഎഇയിലെയും അയൽരാജ്യങ്ങളിലെയും ജനവാസമേഖലയിൽ ഉൾപ്പടെ ആക്രമണങ്ങൾ നടക്കുന്നതായാണ് വിവരം.

അതേസമയം, ഡേറ്റാ സെന്ററിന്റെ പ്രവർത്തനം നിർത്തിവച്ചതിനുപിന്നിൽ ആക്രമണങ്ങൾക്ക് ബന്ധമുണ്ടോയെന്ന് കമ്പനി ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. ഒന്നിലധികം ഡേറ്റാ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ള അവൈലബിളിറ്റി സോണിൽ പുലർച്ചെ 4.30 യോടെയാണ് ആക്രമണമുണ്ടായതെന്ന് അന്താരാഷ്ട്ര മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. അജ്ഞാതവസ്തു പതിച്ചതിനെ തുടർന്ന് തീയും പുകയും ഉയരുകയായിരുന്നു. ഇത് കെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് വൈദ്യുതി വിച്ഛേദിച്ചത്. മണിക്കൂറുകൾക്ക് ശേഷം മാത്രമേ പ്രവർത്തനം പുനഃസ്ഥാപിക്കാനാകുവെന്നാണ് സൂചന. യുഎഇയിലെ മറ്റ് ഡേറ്റാ സെന്ററുകൾ തടസമില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നും സ്ഥിതിഗതികൾ വിലയിരുത്തി വരികയാണെന്നും കമ്പനി അറിയിച്ചു.

നൂറിലധികം വിമാന സർവ്വീസുകൾ റദ്ദാക്കി; വലഞ്ഞ് യാത്രക്കാർ

ന്യൂഡൽഹി: പശ്ചിമേഷ്യലെ സംഘർഷസാഹചര്യത്തിൽ ഡൽഹിയിലെ ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നൂറിലധികം സർവ്വീസുകൾ റദ്ദാക്കി. ഇവിടെ നിന്ന് പുറപ്പെടേണ്ടിയിരുന്ന 62 വിമാനങ്ങളും വന്നുചേരേണ്ടിയിരുന്ന 42 വിമാനങ്ങളും ഉൾപ്പടെയാണ് റദ്ദാക്കിയത്. തുടർച്ചയായ രണ്ടാം ദിവസമാണ് സർവ്വീസുകൾ തടസപ്പെടുന്നത്. ഇതോടെ നിരവധി യാത്രക്കാരാണ് വിമാനത്താവളങ്ങളിൽ കുടുങ്ങിയത്.

ഇറാൻ– ഇസ്രായേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഗൾഫ് മേഖലയാകെ യുദ്ധഭീതിയിലാണ്. വിമാനത്താവളങ്ങളിലെ വ്യാപകമായ തടസങ്ങൾ കാരണം ആഭ്യന്തര റൂട്ടുകളിലെ നിരവധി വിമാനങ്ങൾ വൈകിയതായി ഉദ്യോഗസ്ഥർ അറിയിച്ചു. ഏകദേശം 1520 വിമാനസർവ്വീസുകളാണ് ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ദിവസവും സർവ്വീസ് നടത്തുന്നത്.

ഏറ്റവും പുതിയ വിവരങ്ങൾക്കായി എയർലൈനുകളുമായി ബന്ധപ്പെടാൻ ഡൽഹി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (ഡിഐഎഎൽ) യാത്രക്കാർക്ക് നിർദേശം നൽകി. പശ്ചിമേഷ്യയിലെ സംഭവവികാസങ്ങൾ കാരണം അന്താരാഷ്ട്ര വിമാനങ്ങൾ കാലതാമസത്തിനോ ഷെഡ്യൂൾ മാറ്റത്തിനോ വിധേയമായേക്കാമെന്നും ഡിഐഎഎൽ എക്സ് പോസ്റ്റിലൂടെ അറിയിച്ചു.

ഖമനേയിയുടെ വധം: കശ്മീരിൽ പ്രതിഷേധം ശക്തം, മൊബൈൽ ഇന്റർനെറ്റ് വേഗത കുറച്ചു

ശ്രീനഗർ: ഇറാനിയൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയിയുടെ കൊലപാതകത്തിനെതിരെ നടന്ന പ്രതിഷേധങ്ങളെ തുടർന്ന് ഇന്ന് കശ്മീർ താഴ്വരയിലുടനീളം മൊബൈൽ ഇന്റർനെറ്റ് വേഗത കുറച്ചതായി അധികൃതർ അറിയിച്ചു.

പ്രദേശത്ത് ക്രമസമാധാനനില നിലനിർത്തുന്നതിനുള്ള മുൻകരുതൽ നടപടിയായാണ് ഈ നീക്കം. ഇസ്രായേൽ–യുഎസ് സംയുക്താക്രമണത്തിലാണ് ഖമനേയി കൊല്ലപ്പെട്ടത്.

ഏകദേശം 15 ലക്ഷത്തോളം ഷിയാ വിഭാഗക്കാർ താമസിക്കുന്ന കശ്മീരിൽ ലാൽ ചൗക്ക്, സായിദ കാടൽ, ബഡ്ഗാം, ബന്ദിപ്പോറ, അനന്ത്നാഗ്, പുൽവാമ എന്നിവിടങ്ങളിൽ വലിയ പ്രതിഷേധങ്ങൾ നടന്നിരുന്നു. അമേരിക്കയ്ക്കും ഇസ്രയേലിനും എതിരെ മുദ്രാവാക്യം വിളികളുയർന്നിരുന്നു.

പ്രതിഷേധങ്ങൾക്ക് പിന്നാലെയാണ് കശ്മീർ താഴ്വരയിലെ എല്ലാ മൊബൈൽ നെറ്റർക്കുകളിലെയും വേഗത കുറച്ചതായി അധികൃതർ അറിയിക്കുന്നത്. അനാവശ്യ പ്രചാരണങ്ങൾ ഒഴിവാക്കാനും പോലീസ് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഹിസ്ബുല്ലക്കെതിരെ യുദ്ധം പ്രഖ്യാപിച്ച് ഇസ്രായേൽ; ലബനാനിൽ മരണം 31

ബൈറൂത്ത്: ഹിസ്ബുല്ലയുടെ റോക്കറ്റ് ആക്രമണത്തിന് പിന്നാലെ ലബനാനിൽ ഇസ്രായേൽ നടത്തിയ ബോംബിങ്ങിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 31ആയി. അതേസമയം ഹിസ്ബുല്ലയ്ക്കെതിരെ ഇസ്രായേൽ യുദ്ധം പ്രഖ്യാപിച്ചു. ഹിസ്ബുല്ലക്കെതിരെ മാരക ആക്രമണ പരമ്പര ആരംഭിച്ചിട്ടുണ്ടെന്ന് ഇസ്രായേലി സൈന്യത്തിന്റെ ചീഫ് ഓഫ് സ്റ്റാഫ് ഇയാൽ സമീർ പറഞ്ഞതായി അൽജസീറ റിപ്പോർട്ട് ചെയ്തു.

ആക്രമണം രൂക്ഷമയതോടെ ലബനാനിൽ നിന്ന് പലായനം ആരംഭിച്ചു. ഇസ്രായേൽ വ്യോമാക്രമണത്തിൽ ഇതുവരെ കുറഞ്ഞത് 31 പേർ കൊല്ലപ്പെടുകയും 149 പേർക്ക് പരിക്കേൽക്കുകയും ലെബനന്റെ നാഷണൽ ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്തു. ബൈറൂത്തിന്റെ തെക്കൻ പ്രാന്തപ്രദേശങ്ങളിലും ദക്ഷിണ ലെബനാനിലും ഇസ്രായേലി വ്യോമാക്രമണം നടന്നത്.

കുവൈത്തിൽ അമേരിക്കൻ എഫ്–15 യുദ്ധവിമാനം തകർന്നു; യു എസ്സുമായി ചർച്ചക്കില്ലെന്ന് ഇറാൻ

ടെഹ്റാൻ/കുവൈത്ത് സിറ്റി: അമേരിക്കൻ എഫ്–15 യുദ്ധ വിമാനം കുവൈത്തിൽ തകർന്നുവീണു. ഇറാൻ ആക്രണത്തിൽ തകർന്നതാണോ എന്നതിൽ വ്യക്തതയില്ല. അബദ്ധത്തിൽ വെടിവെച്ചിട്ടതാകാമെന്ന റിപ്പോർട്ടുകളും ഉണ്ട്. പൈലറ്റുമാർ രക്ഷപ്പെട്ടിട്ടുണ്ട്.

വിമാനം തകർന്നുവീഴുന്നതിന്റെയും രക്ഷപ്പെട്ട പൈലറ്റുമാരുടെയും ദൃശ്യങ്ങൾ പുറത്ത് വന്നിട്ടുണ്ട്.

മിസൈൽ, ഡ്രോൺ ആക്രമണ ഭീഷണികളെത്തുടർന്ന് യുഎസ് പൗരന്മാരോട് സുരക്ഷിത സ്ഥാനങ്ങളിൽ കഴിയാൻ അഭ്യർത്ഥിച്ച് യുഎസ് എംബസി കുവൈത്തിൽ മുന്നറിയിപ്പ് പുറത്തിറക്കിയിട്ടുണ്ട്.

'കുവൈത്തിന് മുകളിൽ മിസൈൽ, ഡ്രോൺ ആക്രമണങ്ങളുടെ ഭീഷണി തുടരുകയാണ്. എംബസിയിലേക്ക് വരരുത്. നിങ്ങളുടെ വീടുകളിൽ താഴത്തെ നിലകളിലും ജനലുകളിൽ നിന്ന് അകന്നും സുരക്ഷിതമായി കഴിയുക. പുറത്തിറങ്ങരുത്' യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് കോൺസുലേറ്റ് അഫയേഴ്സ് എക്സിൽ പോസ്റ്റ് ചെയ്തു.

എംബസി ജീവനക്കാർ സുരക്ഷിത സ്ഥാനങ്ങളിൽ കഴിയുകയാണെന്നും, ആക്രമണമുണ്ടായാൽ സുരക്ഷാ പദ്ധതികൾ വിലയിരുത്തണമെന്നും ഡിപ്പാർട്ട്മെന്റ് പൗരന്മാരോട് അഭ്യർത്ഥിച്ചു.

സംഘർഷം രൂക്ഷമായി തുടരുന്നതിനിടെ അമേരിക്കയുമായി ചർച്ചക്കില്ലെന്ന് ഇറാനിയൻ ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടറി അലി ലാരിജാനി അറിയിച്ചു. ഖമനേയി കൊല്ലപ്പെട്ടതിന് പിന്നാലെ യുഎസുമായി ആണവ ചർച്ചകൾ പുനരാരംഭിക്കാൻ താൻ വീണ്ടും ശ്രമിച്ചുവെന്ന യുഎസ് മാധ്യമങ്ങളുടെ അവകാശവാദങ്ങൾ നിഷേധിച്ചുകൊണ്ടാണ് അലി ലാരിജാനിയുടെ പ്രതികരണം. 'ഞങ്ങൾ അമേരിക്കയുമായി ചർച്ചയ്ക്കില്ല' അദ്ദേഹം വ്യക്തമാക്കി.

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭ്രാന്തമായ പ്രതീക്ഷകൾ മേഖലയെ കുഴപ്പത്തിലേക്ക് തള്ളിവിട്ടിരിക്കുന്നുവെന്നും ഇറാൻ ദശീയ സുരക്ഷാ കൗൺസിൽ സെക്രട്ടറി പറഞ്ഞു. 'അമേരിക്കൻ സൈനികരുടെ കൂടുതൽ ജീവഹാനിയെക്കുറിച്ച് ട്രംപ് ഇപ്പോൾ ആശങ്കപ്പെടുകയാണ്' അലി ലാരിജാനി പറഞ്ഞു.

അമേരിക്ക ആദ്യം എന്ന സ്വയം നിർമ്മിച്ച മുദ്രാവാക്യത്തെ ട്രംപ് ഇസ്രായേൽ ആദ്യം ആക്കി മാറ്റി. ഇസ്രായേലിന്റെ അധികാരക്കൊതിക്കായി അമേരിക്കൻ സൈനികരെ ബലിയർപ്പിക്കുകയും ചെയ്യുകയാണ് ട്രംപെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ഇസ്രയേലിന് നേരെ റോക്കറ്റ് ആക്രമണവുമായി ഹിസ്ബുള്ള, ജനങ്ങളോട് ഒഴിയാനാവശ്യപ്പെട്ട് ഇസ്രയേൽ സേന

ബെയ്റൂട്ട്: ഇറാനെതിരെ അമേരിക്കയോടൊപ്പം ആക്രമണം നടത്തുന്ന ഇസ്രയേലിന് നേരെ മിസൈൽ ആക്രമണം നടത്തി ഭീകരസംഘടനയായ ഹിസ്ബുള്ള. അയൽരാജ്യമായ ലെബനന്റെ തലസ്ഥാനമായ ബെയ്റൂട്ടിൽ നിന്നാണ് ഇസ്രയേൽ സേനക്ക് നേരെ മിസൈൽ ആക്രമണമുണ്ടായത്. അതേസമയം ഹിസ്ബുള്ളയുടെ ആക്രമണം 'നിരുത്തരവാദപരവും സംശയാസ്പദവും' ആണെന്ന് ലെബനൻ പ്രധാനമന്ത്രി നവാസ് സലാം പ്രതികരിച്ചു.

ഹിസ്ബുള്ള നടപടിക്കെതിരെ ഇസ്രയേൽ ശക്തമായ തിരിച്ചടി ഇന്ന് പുലർച്ചെ നൽകി. ഒരു വർഷത്തിലേറെക്കാലമായി ഹിസ്ബുള്ളയിൽ നിന്ന് ഇസ്രയേലിനെതിരെ ആക്രമണങ്ങളുണ്ടായിട്ടില്ല. ഇറാൻ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമനേയിയുടെ വധത്തെ തുടർന്നാണ് ആക്രമണം നടത്തിയതെന്ന് ഹിസ്ബുള്ള വ്യക്തമാക്കിയിട്ടുണ്ട്.

അതേസമയം ലെബനനിൽ കൂടുതൽ ആക്രമണങ്ങൾക്ക് തയ്യാറെടുക്കുന്നതിനാൽ സമീപത്തെ 50 ഗ്രാമങ്ങളിലെ ജനങ്ങളോട് ഒഴിഞ്ഞുപോകാൻ ഇസ്രയേൽ സേന ആവശ്യപ്പെട്ടു. കിഴക്കൻ–തെക്കൻ ലെബനനിലെ ജനങ്ങളോട് ഗ്രാമങ്ങളിൽ നിന്ന് 1000 മീറ്റർ ദൂരെയുള്ള തുറസായ ഭാഗത്തേക്ക് മാറണമെന്നാണ് ഇസ്രയേൽ ആവശ്യപ്പെട്ടിരിക്കുന്നത്.

തങ്ങളുടെ അതിർത്തിൽ ഒരു മിസൈൽ വീണെന്നും എന്നാൽ ആർക്കും പരിക്കേറ്റില്ലെന്നും ഇസ്രയേൽ അറിയിച്ചിട്ടുണ്ട്. തുടർച്ചയായ ഇസ്രയേലി പ്രകോപനങ്ങൾക്ക് മറുപടിയാണ് തങ്ങൾ നൽകിയതെന്നാണ് ഹിസ്ബുള്ളയുടെ വാദം.

വിവാഹ മോചന ഹരജി; 'ടി.വി.കെ പ്രവർത്തകർ സമൂഹമാധ്യമ ചർച്ചകളിൽ നിന്ന് വിട്ടു നിൽക്കണം'

ചെന്നൈ: നടനും ടിവികെ അധ്യക്ഷനുമായ വിജയിയും ഭാര്യ സംഗീത സ്വർണവും വിവാഹ മോചന ഹരജി ഫയൽ ചെയ്തതിന് പിന്നാലെ ഇതുമായി ബന്ധപ്പെട്ട് സമൂഹമാധ്യമ ചർച്ചകളിൽ നിന്ന് വിട്ടു നിൽക്കണമെന്ന് പ്രവർത്തകർക്ക് പാർട്ടി നിർദേശം. വിജയിയെ പ്രതിരോധിച്ചുകൊണ്ടുള്ള പോസ്റ്റുകളും വേണ്ടെന്ന് നിർദേശം. വിവാദങ്ങളെ തീർത്തും ഒഴിവാക്കാനാണ് പാർട്ടി തീരുമാനം. പാർട്ടി ആസ്ഥാനത്ത് നിന്ന് അനുമതി ലഭിച്ചാലല്ലാതെ ഒരു ചർച്ചകളിലും നേതാക്കൾ പങ്കെടുക്കല്ലെന്ന് കഴിഞ്ഞ ദിവസം ടി.വി.കെ ജനറൽ സെക്രട്ടറി എൻ.ആനന്ദ് സർക്കുലേഷൻ നൽകിയിരുന്നു.

10 ഇന്റർസെപ്റ്ററുകളെയും ഭേദിച്ച് ഇറാന്റെ ഫത്താ മിസൈൽ ജെറുസലേമിൽ

ടെൽഅവീവ്: പരമോന്നത നേതാവ് ആയത്തുല്ല ഖമനയിയുടെ കൊലപാതകത്തിന് പിന്നാലെ ഇസ്രയേലിലേക്ക് തിരിച്ചടി ശക്തമാക്കി ഇറാൻ. നേരിട്ടും ഹിസ്ബുല്ലയെ ഉപയോഗിച്ചും ഇറാൻ നടത്തുന്ന തിരിച്ചടിയിൽ ഇസ്രയേലിലും കനത്ത നാശമുണ്ടാകുന്നതായാണ് റിപ്പോർട്ട്.

ഇസ്രയേലിലേക്ക് ഇറാൻ തൊടുത്ത മിസൈൽ, ഇസ്രയേലിന്റെ പ്രതിരോധ സംവിധാനങ്ങളെയും മറികടന്ന് ലക്ഷ്യത്തിൽ പതിച്ചതിന്റെ വിഡിയോയാണ് സമൂഹമാധ്യമങ്ങളിൽ വൈറലാകുന്നത്. ജെറുസലേമിൽ വീണ മിസൈലെന്ന പേരിലാണ് വിഡിയോ പ്രചരിക്കുന്നത്. 10ഇന്റർ സെപ്റ്ററുകളെയും ഭേദിച്ചാണ് മിസൈൽ ലക്ഷ്യത്തിൽ എത്തുന്നത്. കെട്ടിടത്തിന്റെ മുകളിൽ നിന്ന് പകർത്തിയതാണ് വിഡിയോ. ലക്ഷ്യത്തിൽ പതിക്കുമ്പോൾ തീപ്പൊരി ചിതറുന്നതും വിഡിയോയിൽ കാണാം.

ഇറാന്റെ ഫത്താ മിസൈലാണിതെന്നാണ് ആളുകൾ കമന്റ് ചെയ്തിരിക്കുന്നത്. മധ്യദൂര ബലിസ്റ്റിക് മിസൈലായ ഫത്ത, ഇറാൻ നേരത്തെയും പ്രയോഗിച്ചിട്ടുള്ളതാണ്. ജൂണിലെ 12 ദിവസത്തെ യുദ്ധത്തിനിടെയും ഇസ്രയേലിലേക്ക് ഇറാൻ ഫത്ത തൊടുത്തിരുന്നു. പരിഷ്കരിച്ച ഫത്തയാണിപ്പോൾ ഇറാൻ ഉപയോഗിക്കുന്നതന്നും സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്. ഹൈപ്പർ സോണിക് ഗ്ലൈഡാണ് ഫത്തയിൽ ഉപയോഗിക്കുന്നതെന്നാണ് മിലിറ്ററി വാച്ച് മാഗസിൻ റിപ്പോർട്ട് ചെയ്യുന്നത്. ശബ്ദത്തേക്കാൾ അഞ്ചിരട്ടിയിലധികം വേഗതയിൽ സഞ്ചരിക്കാൻ കഴിയുന്ന അത്യാധുനിക മിസൈൽ സാങ്കേതികവിദ്യയാണ് ഹൈപ്പർസോണിക് ഗ്ലൈഡ്. ഇങ്ങനെ ഹൈപ്പർ സോണിഗ് ഗ്ലൈഡ് വെഹിക്കിൾ ഉപയോഗിക്കുമ്പോൾ ലക്ഷ്യത്തിലേക്ക് കൂടുതൽ കൃത്യമായി എത്തിച്ചേരാൻ കഴിയുമെന്നാണ് വിലയിരുത്തൽ.

ക്രമാനുഗതമാണ് ബാലിസ്റ്റിക് മിസൈലിന്റെ സഞ്ചാരപഥം. വളരെ ഉയർന്ന അന്തരീക്ഷത്തിലെത്തിയ ശേഷം മാത്രമാണ് ഇതിന്റെ പോർമുന വിഘടിക്കുന്നതും ഗുരുത്വബലത്തിന്റെ സഹായത്തോടെ ലക്ഷ്യത്തിൽ പതിക്കുന്നതും. ആകാശത്തേക്ക് എറിയുന്ന കല്ല് തല തിരിഞ്ഞ് ഭൂമിയിലേക്ക് യു ഷേപ്പിൽ പതിക്കുന്നത് പോലെയെന്ന് പറയാം.

ഇസ്രയേലിന്റെ വ്യോമപ്രതിരോധം കെട്ടുകഥയാണെന്നും അതിനെയും ഭേദിക്കാൻ പോന്നതാണ് ഫത്തായെന്നും ഇറാൻ സൈന്യം നേരത്തെ തന്നെ അവകാശപ്പെട്ടിരുന്നു. 'ഫത്തായുടെ കരുത്ത് ഭീരുക്കളായ സയണിസ്റ്റുകൾ ഇന്ന് അറിയുമെന്നും തെറ്റിദ്ധാരണകളെല്ലാം നീങ്ങാൻ പോകുന്നു'വെന്നുമായിരുന്നു ഇറാൻ സൈന്യത്തിന്റെകുറിപ്പ്.

മാസങ്ങൾ നീണ്ട മധ്യസ്ഥ ശ്രമങ്ങൾക്കൊടുവിലാണ് ചർച്ചയിലേക്ക് ഇറാനും യുഎസും എത്തിയത്. ഒമാന്റെ നേതൃത്വത്തിലായിരുന്നു ആണവ ചർച്ചകൾ പുരോഗമിച്ചതും. ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും വിജയകരമായതോടെ കരാറിലെത്തുമെന്ന് ശുഭ സൂചനകളുണ്ടായി. പിന്നാലെ മൂന്നാം ചർച്ച അലസിപ്പിരിഞ്ഞു.

അമേരിക്കൻ താൽപര്യത്തിന് ഇറാൻ വഴങ്ങുന്നില്ലെന്നായിരുന്നു ട്രംപിന്റെ വാദം. സ്റ്റോക് പൈലിങ് അവസാനിപ്പിക്കാമെന്നതടക്കമുള്ള ഉപാധികൾ ഇറാൻ അംഗീകരിക്കുകയും കരാറിലെത്താമെന്ന് പ്രതീക്ഷ പ്രകടിപ്പിക്കുകയും ചെയ്തതിന് പിറ്റേന്നാണ് ഇസ്രയേലും യുഎസും സംയുക്തമായി ഇറാനെ ആക്രമിക്കുന്നതും ആയത്തുല്ല ഖമനയിയടക്കം ഉന്നതരെ വധിക്കുന്നതും. മണിക്കൂറുകൾക്കകം ഇറാൻ മധ്യപൂർവദേശത്തെ യുഎസ് സൈനികത്താവളങ്ങളിലും ഇസ്രയേലിലും തിരിച്ചടിച്ചു. നിലവിലെ സാഹചര്യത്തിൽ സൈനിക നടപടി നാലാഴ്ച കൂടി നീളുമെന്നാണ് യുഎസ് പ്രസിഡൻറ് ഇപ്പോൾ പറയുന്നത്. ചർച്ചയ്ക്ക് ഇറാൻ തന്നെ സമീപിച്ചെന്നും താൻ വഴങ്ങിയില്ലെന്നും ട്രംപ് അവകാശപ്പെട്ടെങ്കിലും യുഎസുമായി ഒരു ചർച്ചയ്ക്കും തയാറല്ലെന്നാണ് ഇറാൻ പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നത്.

അഹമ്മദി റിഫൈനറിയിൽ മിസൈൽ അവശിഷ്ടം വീണ് 2 തൊഴിലാളികൾക്ക് പരിക്ക്

കുവൈത്ത് സിറ്റി: ഇന്ന് പുലർച്ചെ അഹമ്മദി റിഫൈനറിയിൽ മിസൈൽ അവശിഷ്ടങ്ങൾ വീണ് 2തൊഴിലാളികൾക്ക് നിസ്സാര പരിക്കേറ്റു. പരിക്കേറ്റവരെ അദാൻ ആശുപത്രിയിലേക്ക് മാറ്റിയതായും ഇവരുടെ ആരോഗ്യനില തൃപ്തികരമാണെന്നും കുവൈത്ത് നാഷണൽ പെട്രോളിയം കമ്പനിയുടെയും കുവൈത്ത് ഇന്റഗ്രേറ്റഡ് പെട്രോളിയം ഇൻഡസ്ട്രീസ് കമ്പനിയുടെയും വക്താവ് ഘാനം അൽ ഉതൈബി അറിയിച്ചു.

റിഫൈനറിയിലെ പ്രവർത്തനങ്ങളെയും ഉൽപ്പാദനത്തെയും ഇത് ബാധിച്ചിട്ടില്ലെന്നും വേഗത്തിലുള്ള പ്രതികരണ പദ്ധതി സജീവമാക്കിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. അഹ്മദി റിഫൈനറി പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അൽ ഉതൈബി പറഞ്ഞു.

കുവൈത്തിനെ ലക്ഷ്യമിട്ട് ഇന്നും ആക്രമണം നടന്നു. പുലർച്ചെ കുവൈത്ത് വ്യോമ പ്രതിരോധ ഉദ്യോഗസ്ഥർ നിരവധി ആക്രമണങ്ങളെ നിർവീര്യമാക്കി. മുഹമ്മദ് അൽ മൻസൂരി അറിയിച്ചു.

ഗൾഫിലെ എസ് എൽ എൽ സി, പ്ലസ് ടിപരീക്ഷകൾ മാറ്റി; കേരളത്തിൽ ഹയർസെക്കൻഡറി പരീക്ഷാഫലം മേയ് 22ന്

തിരു : യുദ്ധം കൊടുമ്പിരികൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഗൾഫ് മേഖലയിലെ പരീക്ഷാനടത്തിപ്പ് പ്രതിസന്ധിയിലാണെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. മാർച്ച് അഞ്ചിലെ എസ്എസ്എൽസി പരീക്ഷയും മാർച്ച് അഞ്ച്, ആറ്, ഏഴ് തീയതികളിലെ ഹയർസെക്കൻഡറി പരീക്ഷയും മാറ്റിവയ്ക്കാൻ സർക്കാർ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു. പുതുക്കിയ പരീക്ഷാതീയതികൾ പിന്നീടറിയിക്കും. ഗൾഫ് മേഖലയിൽ പരീക്ഷയെഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾ പ്രഥമ അദ്ധ്യാപകർ, പ്രിൻസിപ്പൽ എന്നിവർവഴി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നൽകണമെന്നും മന്ത്രി നിർദേശിച്ചു.

'എസ്എസ്എൽസി പരീക്ഷാഫലം പ്രസിദ്ധീകരിച്ച് തൊട്ടടുത്ത ദിവസം മുതൽ 2026–27 അദ്ധ്യയന വർഷത്തെ പ്ലസ്വൺ പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. മുൻവർഷത്തെ സീറ്റുകൾ ലഭ്യമാണ്. യോഗ്യതനേടിയ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠന സാദ്ധ്യതയുറപ്പാക്കും. മൂന്ന് അലോട്ട്മെന്റുകളിലൂടെയായിരിക്കും പ്രവേശനം. മുഖ്യഘട്ടം കഴിഞ്ഞാൽ പുതിയ അപേക്ഷ ക്ഷണിച്ച് സപ്ളിമെന്ററി അപേക്ഷകളിലൂടെ ശേഷിക്കുന്ന ഒഴിവുകൾ നികത്തി സമയബന്ധിതമായി പ്രവേശന നടപടികൾ അവസാനിപ്പിക്കും.

2026ലെ ഒന്നാംവർഷ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകൾ മാർച്ച് അഞ്ചിനും രണ്ടാംവർഷ പരീക്ഷകൾ മാർച്ച് ആറിനും ആരംഭിക്കും. 4,11,025 വിദ്യാർത്ഥികളാണ് ഒന്നാംവർഷ പരീക്ഷയെഴുതുന്നത്. രണ്ടാംവർഷ പരീക്ഷയെഴുതുന്നത് 4.52,437 വിദ്യാർത്ഥികളുമാണ്. 89 മൂല്യനിർണയ ക്യാമ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഏപ്രിൽ ആറുമുതൽ മൂല്യനിർണയം ആരംഭിക്കും. മേയ് 22ന് ഫലപ്രഖ്യാപനം നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ 1966ഉം ഗൾഫിൽ ഏഴും ലക്ഷദ്വീപിൽ ഒൻപതും മാഹിയിൽ രണ്ടും പരീക്ഷാകേന്ദ്രങ്ങളാണുള്ളത്' – വാർത്താസമ്മേളനത്തിൽ മന്ത്രി വ്യക്തമാക്കി.

എംഎം മണിക്ക് മത്സരിക്കാൻ ഇത്തവണ സീറ്റില്ല, പാലക്കാട്ട് നറുക്ക് പിഷാരടിക്ക്

ഇടുക്കി: മുതിർന്ന സിപിഎം നേതാവും മുൻ മന്ത്രിയുമായ എംഎം മണി ഇത്തവണ മത്സരിക്കില്ല. മണി വീണ്ടും ജനവിധി തേടേണ്ടതില്ലെന്നാണ് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് തീരുമാനിച്ചത്. പകരം കെ കെ ജയചന്ദ്രനെയാണ് ഉടുമ്പൻചോലയിൽ സ്ഥാനാർഥിയായി നിശ്ചയിച്ചിരിക്കുന്നത്. പാലക്കാട് കോൺഗ്രസ് സ്ഥാനാർത്ഥി പിഷാരടിയായിരിക്കും.

കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാക

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജോസ് സ്മൃതികളുമായി റഫി ഗാനങ്ങൾ ഒഴുകി

'റഫി ജോസ് അസോസിയേഷൻ' തൃശൂർ റീജണൽ തിയേറ്ററിൽ ഒരുക്കിയ 'റഫി ജോസ് മ്യൂസിക് നൈറ്റ്' തൃശൂർ മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: മുഹമ്മദ് റഫിയുടെ ഹിറ്റു ഗാനങ്ങൾ അരങ്ങു തകർത്തു. സംഗീതജ്ഞരുടേയും സാംസ്കാരിക പ്രവർത്തകരുടേയും കൂട്ടായ്മയായ 'റഫി ജോസ് അസോസിയേഷൻ' റീജണൽ തിയേറ്ററിൽ ഒരുക്കിയ 'റഫി ജോസ് മ്യൂസിക് നൈറ്റി'ൽ 'റഫി ജോസ്' എന്നറിയപ്പെടുന്ന അന്തരിച്ച ഗായകൻ പി.കെ. ജോസിന്റെ സ്മൃതികളുണർന്നു.

തൃശൂർ മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്തു. സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ, മഹാനടൻ ടി.ജി രവി എന്നിവർ മുഖ്യാതിഥികളായി. ഏകാഭിനയ പ്രതിഭ ജയരാജ് വാര്യർക്ക് റഫി ജോസ് എക്സലൻസ് അവാർഡ് സമ്മാനിച്ചു. മുതിർന്ന സംഗീത സംവിധായകൻ സണ്ണിരാജ് മാസ്റ്റർ, സംഗീത നാടക അക്കാദമി അവാർഡു നേടിയ ഷോമി ഡേവിസ് എന്നിവരെ ആദരിച്ചു. കവിയും ഗാനരചയിതാവുമായ രാപ്പാൾ സുകുമാര മേനോൻ പി.കെ. ജോസ് അനുസ്മരണ പ്രഭാഷണം നടത്തി.

അസോസിയേഷൻ പ്രസിഡന്റ് അജിത് പി. കുമാർ അധ്യക്ഷത വഹിച്ചു. കലാസദൻ പ്രസിഡന്റ് ബാബു കവലക്കാട്ട്, എഡ്വിൻ സാമുവേൽ, ഡേവിസ് കണ്ണമ്പുഴ, അസോസിയേഷൻ സെക്രട്ടറി പിഎംഎം ഷെരീഫ്, ട്രഷറർ കെ. വിജയരാഘവൻ എന്നിവർ പ്രസംഗിച്ചു. ജീവൻ ടിവി ചീഫ് ന്യൂസ് എഡിറ്ററും കവിയുമായ ബാബു വെളപ്പായ അവതാരകനായി.

സുദീപ് സംഗമേശ്വരനും ഗംഗയുമാണ് റഫി ഗാനങ്ങളുമായി മ്യൂസിക് നൈറ്റ് നയിച്ചത്. പ്രശസ്ത സംഗീത സംവിധായകൻ പോളി ഓർക്കസ്ട്രേഷനു നേതൃത്വം നൽകി.

70 വർഷത്തെ കാത്തിരിപ്പിനൊടുവിൽ നെഞ്ചോട് ചേർത്ത് പട്ടയം

തൃശൂർ: 70 വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഒരു കുടുംബത്തിന്റെ സ്വപ്നം സഫലമായി. തലമുറകളായി കൈമാറി കൈവശം സൂക്ഷിച്ചിരുന്ന ഭൂമി ഇനി ഔദ്യോഗികമായി സ്വന്തം പേരിലായതിന്റെ സന്തോഷത്തിലാണ് പീച്ചി സ്വദേശികളായ സഹോദരങ്ങൾ.

പീച്ചി വില്ലേജിലെ പെമ്പിളക്കുന്ന് വീട്ടിലെ ആറ് സഹോദരങ്ങളാണ് ഒല്ലൂർ നിയോജകമണ്ഡലത്തിലെ മലയോര കുടിയേറ്റക്കാർക്കായി സംഘടപ്പിച്ച പട്ടയ മേളയിലൂടെ ലഭിച്ച ഈ മലയോര പട്ടയത്തിന്റെ ഫലം അനുഭവിക്കുക. സഹോദരങ്ങളായ ജോസ്, ചാക്കോ, ലീലാമ്മ, ലൈസമ്മ എന്നിവരുടെ പേരിലാണ് ഇന്ന് മലയോരപട്ടയം അനുവദിച്ചത്. മുൻപ് ബേബി, കുര്യൻ എന്നിവർക്കും മലയോരപട്ടയം ലഭിച്ചിരുന്നു. വർഷങ്ങളായി അനിശ്ചിതത്വത്തിൽ കഴിയേണ്ടി വന്ന ഈ കുടുംബത്തിന്, ഇന്ന് ലഭിച്ച രേഖകൾ ഒരു ഭൂമിയുടെ ഉടമസ്ഥാവകാശം മാത്രമല്ല, സുരക്ഷയുടേയും അഭിമാനത്തിന്റെയും പ്രതീകം കൂടിയാണ്.

റബ്ബർ കൃഷിയാണ് ഈ കുടുംബത്തിന്റെ ജീവിതോപാധി. അതേ മണ്ണിൽ ജനിച്ചു വളർന്ന ഇവർക്ക്, ആ മണ്ണ് തന്നെ ഇപ്പോൾ നിയമപരമായ ഉറപ്പായി മാറിയിരിക്കുകയാണ്. കാത്തിരിപ്പിന്റെ നീണ്ട വഴിയിലൂടെ നടന്നെത്തിയ ഈ സന്തോഷം, പീച്ചിയിലെ ഒരു കുടുംബത്തിന്റെ ജീവിതത്തിൽ പുതിയ അധ്യായത്തിനാണ് തുടക്കം കുറിക്കുന്നത്. മലയോര മേഖലയിലെ ജനങ്ങളുടെ പട്ടയവിഷയത്തിൽ സർക്കാർ നടത്തുന്ന ക്രിയാത്മകമായ ഇടപെടലുകളുടെ ഭാഗമായാണ് നിയോജകമണ്ഡലം മണ്ഡലം എം എൽ എയും റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുമായ കെ രാജന്റെ നേതൃത്വത്തിൽ മലയോര പട്ടയ മേള സംഘടിപ്പിച്ചത്.

സി.എം.പി. സ്ഥാപക നേതാവ് സി.കെ.ചക്രപാണിയുടെ 36-ാം ചരമ വാർഷിക ദിനാചരണം തൃശൂരിൽ പി ആർ എൻ നമ്പീശൻ ഉൽഘാടനം ചെയ്തു. പാർട്ടി ജില്ലാ സെക്രട്ടറി ജയ് സിംഗ് കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജോസ് മറോക്കി, തോമസ് മാസ്റ്റർ, മിനി രമേഷ്, തുടങ്ങിയവർ പ്രസംഗിച്ചു. നേരത്തെ ചക്രപാണിയുടെ അനുസ്മരണ വേദിയിൽ പ്രവർത്തകർ പുഷ്പാർച്ചന നടത്തി.

സോഷ്യൽ ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് കെട്ടിടവും അനുബന്ധ സേവനങ്ങളും നാടിന് സമർപ്പിച്ചു

തൃശ്ശൂർ: തൃശ്ശൂർ സോഷ്യൽ ഫോറസ്റ്റ് റേഞ്ച് ഓഫീസ് കെട്ടിടവും സൗരോർജ്ജ വേലികളും പ്രാഥമിക പ്രതികരണ സേന അംഗങ്ങൾക്കുള്ള യൂണിഫോം വിതരണവും വനം, വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വന്യജീവി ആക്രമണത്തെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. വടക്കാഞ്ചേരിയിലെ സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസ് കെട്ടിടം ഒരു വർഷം കൊണ്ട് സമയബന്ധിതമായി നിർമാണം പൂർത്തിയാക്കാൻ സാധിച്ചു. മാർച്ച് മാസത്തിനുള്ളിൽ വനംവന്യജീവി അപകടങ്ങളുമായി ബന്ധപ്പെട്ടുള്ള ധനസഹായ വിതരണം പൂർത്തിയാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസ് കെട്ടിടം 1.18 കോടി രൂപ ചെലവഴിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയത്. ചേലക്കര, വടക്കാഞ്ചേരി നിയോജകമണ്ഡലങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന വടക്കാഞ്ചേരി- മച്ചാട് ഫോറസ്റ്റ് റേഞ്ചുകളിലെ ജനവാസ കേന്ദ്രങ്ങളിലെ വന്യജീവി പ്രതിരോധത്തിനായി 1.17 കോടി രൂപ ചെലവഴിച്ചാണ് പുതിയ സൗരോർജ്ജ വേലി യാഥാർത്ഥ്യമാക്കിയത്. ചടങ്ങിൽ സേവ്യയർ ചിറ്റിലപ്പിള്ളി എംഎൽഎ അധ്യക്ഷത വഹിച്ചു. വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തക കൂട്ടായ്മയായ പ്രാഥമിക പ്രതികരണ സേന അംഗങ്ങൾക്കുള്ള യൂണിഫോം വിതരണ ഉദ്ഘാടനം യു ആർ പ്രദീപ് എംഎൽഎ നിർവഹിച്ചു.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കെ മനോജ് സ്വാഗതവും തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മാർട്ടിൻ ലോവൽ നന്ദിയും പറഞ്ഞു.

കേരള അഡ്വക്കേറ്റ് ക്ലർക്ക് അസോസിയേഷൻ തൃശ്ശൂർ യൂണിറ്റ് അനുശോചന യോഗം

തൃശൂർ: കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡണ്ട്, വെൽഫെയർ ബോർഡ് അംഗം എന്നീ നിലകളിൽ സജീവ പ്രവർത്തനം കാഴ്ചവച്ച അന്തരിച്ച പി പി രാഘവന്റെ നിര്യാണത്തിൽ കേരള അഡ്വക്കേറ്റ് ക്ലർക്ക് അസോസിയേഷൻ തൃശ്ശൂർ യൂണിറ്റ് അനുശോചനം രേഖപ്പെടുത്തി. പ്രസിഡന്റ് പി കെ പ്രദീപ്കുമാർ അധ്യക്ഷത വഹിച്ച് അനുശോചനം അർപ്പിച്ചു. സെക്രട്ടറി പി സി സൂരജൻ, സംസ്ഥാന സെക്രട്ടറി പി വി സന്തോഷ്, ജില്ലാ സെക്രട്ടറി വി വിശ്വനാഥൻ, ജില്ലാ വൈസ് പ്രസിഡണ്ട് പി എൽ ഷാജു, ജില്ലാ എക്സിക്യൂട്ടീവ് മെമ്പർ ചിന്തു ചന്ദ്രൻ, സംസ്ഥാന കൗൺസിൽ മെമ്പർമാരായ കെ.എസ്. സുധീരൻ, പി എം മാർട്ടിൻ എന്നിവർ അനുശോചനം രേഖപ്പെടുത്തി. യൂണിറ്റ് വൈസ് പ്രസിഡണ്ട് അഭിലാഷ് യൂണിറ്റ് ജോ സെക്രട്ടറി വാസുദേവൻ, ട്രഷറർ സുരേഷ്, മെമ്പർമാരായ പി ജി സുധീർ, ശരണ്യ രമേഷ്, പ്രബീഷ്, കെ . ജി. എന്നിവർ നേതൃത്വം നൽകി.

ശ്രീകൂടൽമാണിക്യ ക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം

ഇരിങ്ങാലക്കുട: ശ്രീ കൂടൽ മാണിക്യം ക്ഷേത്രത്തിലെ പ്രതിഷ്ഠാ ദിന ചടങ്ങുകൾ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ ആചരിച്ചു.

രാവിലെ കലശ പൂജകൾ, തുടർന്ന് ബ്രഹ്മകലശം ഉച്ചപൂജയ്ക്ക് കളഭം. രാവിലെ 10 മണി മുതൽ പെരുവനം പ്രകാശൻ മാരാരുടെ പ്രമാണത്തിൽ പഞ്ചാരിമേളവും ഉണ്ടായിരുന്നു. 11.30 മുതൽ 2 മണി വരെ പ്രസാദ ഭക്തജനങ്ങൾക്ക് പ്രസാദ ഊട്ടും ഉണ്ടായിരുന്നു. പ്രതിഷ്ഠാദിന ചടങ്ങുകൾക്ക് ക്ഷേത്രം തന്ത്രി തരണനെല്ലൂർ പടിഞ്ഞാറേ മന അനിപ്രകാശ് നമ്പൂതിരിപ്പാട് നേതൃത്വം നൽകി

കഴിമ്പ്രം നെടിയിരിപ്പിൽ ശ്രീ അന്നപൂർണേശ്വരി ക്ഷേത്രത്തിൽ ആറാട്ട് മഹോത്സവം ഭക്തിനിർഭരമായി

വാടാനപ്പിള്ളി: കഴിമ്പ്രം നെടിയിരിപ്പിൽ ശ്രീ അന്നപൂർണേശ്വരി ക്ഷേത്രത്തിൽ ആറാട്ട് മഹോത്സം ഭക്തിനിർഭരമായി ആഘോഷിച്ചു. രാവിലെ പള്ളി ഉണർത്തൽ, മഹാഗണപതിഹവനം, ഉഷപൂജ, നവകം, പഞ്ചകവ്യം, ശിവേലി എഴുന്നുള്ളിപ്പ്, ഉച്ചപൂജ, വൈകിട്ട് ആറാട്ടിന് പുറപ്പെടൽ, വൈകിട്ട് 5 മണിക്ക് കഴിമ്പ്രം സ്വപ്നതീരം ആറാട്ട് കടവിൽ ആറാട്ട്, തുടർന്ന് ക്ഷേത്രത്തിലേക്ക് തല വാദ്യ മേളങ്ങളോടുകൂടി എഴുന്നള്ളിപ്പ്, ദേവാനന്ദമേളങ്ങൾ, 5 ഗജവീരന്മാരോട് കൂടിയ കൂട്ടിയെഴുന്നള്ളിപ്പ്, ദീപാരാധന, വർണ്ണ മഴ, രാത്രി അത്താഴ ശീവേലി എന്നിവ നടന്നു. ക്ഷേത്രം തന്ത്രി വെള്ളത്തിട്ട് കിഴക്കേടത്ത് മന വാസുദേവൻ നമ്പൂതിരി മുഖ്യകാർമികനായി. ക്ഷേത്രം പ്രസിഡണ്ട് എൻ. യു ശശിധരൻ, സെക്രട്ടറി എൻ. ആർ സിദ്ധൻ, ട്രഷറർ എൻ. കെ രാജൻ, ഉത്സവ ആഘോഷ കമ്മിറ്റി ചെയർമാൻ എൻ. കെ ഭീതീഹരൻ, കൺവീനർ എൻ. എസ് രമേഷ് ബാബു, ഖജാൻജി എൻ കെ പ്രേംദാസ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. നിരവധി ഭക്തർ ചടങ്ങുകളിൽ പങ്കെടുത്തു

മാറിയ വിദ്യാഭ്യാസ രീതിക്കനുസരിച്ച് വികസിക്കേണ്ടത് വിദ്യാർത്ഥികളുടെ കഴിവുകൾ: ഡോ. എ ബിജുകുമാർ

ഇരിങ്ങാലക്കുട:മാറിയ വിദ്യാഭ്യാസ രീതിക്കനുസരിച്ച് വികസിക്കേണ്ടത് വിദ്യാർത്ഥികളുടെ കഴിവുകൾ: ഡോ. എ ബിജുകുമാർ പുതിയ വിദ്യാഭ്യാസരീതികൾ ഉറപ്പു വരുന്ന വിവിധ വിഷയങ്ങൾ പഠിക്കാനുള്ള സാഹചര്യം വിദ്യാർത്ഥികൾ ഉപയോഗിക്കണം. ഒപ്പം, പുതിയ കാലത്ത് ഡിഗ്രി വിഷയം ഏതായാലും ആത്മവിശ്വാസത്തോടെ കാര്യങ്ങൾ ചെയ്യാനറിയുന്നവർക്ക് ജോലി സാദ്ധ്യത കൂടുകയാണ്. ഇന്ത്യ സ്വപ്നം കാണുന്ന വികസന പദ്ധതികൾ പൂർത്തീകരിക്കാൻ പറ്റുന്ന യുവശക്തി നമുക്കുണ്ട്. അതു കൃത്യമായി വിനിയോഗിക്കണം. ശാസ്ത്ര രംഗത്തെ ഏറ്റവും ബുദ്ധിമുട്ടേറിയ ഇടങ്ങളിലും സ്ത്രീ സാന്നിദ്ധ്യവും മികവും ഭംഗിയായി അടയാളപ്പെടുന്ന കാലത്ത്, സാമൂഹ്യ പ്രതിബദ്ധതയോടെ കാര്യങ്ങൾ ചെയ്യാനറിയുന്ന യുവജനങ്ങൾ ഭാവിയുടെ വലിയ പ്രതീക്ഷയാണ് എന്ന് കൂഫോസ് വിസി ഡോ. എ. ബിജുകുമാർ അഭിപ്രായപ്പെട്ടു.

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ 62 മത് കോളേജ് ദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ മേഖലയിലെ സമഗ്ര പരിഷ്ക്കാരങ്ങൾ ഉൾകൊള്ളാൻ നാം പ്രാപ്തരാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. മാനേജർ ഡോ. സിസ്റ്റർ ട്രീസ ജോസ് അധ്യക്ഷ പ്രസംഗം നടത്തി. പിടിഎ വൈസ് പ്രസിഡന്റ് ഡോ പി. എൻ. ഗോപകുമാർ, വാർഡ് കൗൺസിലർ പി.വി. ശിവപ്രസാദ് എന്നിവർ ആശംസകൾ അർപ്പിച്ചു. യൂണിയൻ ചെയർപേഴ്സൺ അഫ്ല സിമിൻ സ്വാഗത പ്രസംഗവും , ഫൈൻ ആർട്സ് സെക്രട്ടറി റെയ്ച്ചൽ റോസ് നന്ദിയും പറഞ്ഞു. മികച്ച നേട്ടങ്ങൾ സ്വന്തമാക്കിയ അധ്യാപകരെയും വിദ്യാർത്ഥിനികളെയും ചടങ്ങിൽ ആദരിച്ചു. കോളജ് എത്നിക് ഡേ ആഘോഷവും നടന്നു.

മന്ത്രി വീണ ജോർജിന് കത്രികക്കപ്പൽ അവാർഡ് സമ്മാനിച്ച് സംസ്കാരസാഹിതി

ഇരിങ്ങാലക്കുട: ആരോഗ്യ മേഖലയിലെ അനാസ്ഥയ്ക്കും പിടിപ്പുകേടിനും എതിരെ സമാധാനപരമായി സമരം ചെയ്ത വിദ്യാർത്ഥികൾക്കെതിരെ കള്ളക്കേസുകൾ ചുമത്തിയതിൽ പ്രതിഷേധിച്ച് സംസ്കാരസാഹിതി ഇരിങ്ങാലക്കുട നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിരോധ സദസ്സ് സംഘടിപ്പിച്ചു. ആൽത്തറക്കൽ നടന്ന പരിപാടിയിൽ ചെയർമാൻ അരുൺ ഗാന്ധിഗ്രാം അധ്യക്ഷത വഹിച്ചു. ഡിസിസി ജനറൽ സെക്രട്ടറി അഡ്വ. സതീഷ് വിമലൻ സദസ്സ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനശേഷം മന്ത്രി വീണയ്ക്ക് പിടിപ്പു കെട്ട ഭരണത്തിന്റെ പ്രതീകമായി കത്രികക്കപ്പൽ പുരസ്കാരം സമ്മാനിച്ചു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് സോമൻ ചിറ്റേത്ത്, മണ്ഡലം പ്രസിഡൻറ് സി.എസ്. അബ്ദുൽ ഹഖ്, കൗൺസിലർമാരായ കുരിയൻ ജോസഫ്, സുരഭി വിനോദ്, മുൻ കൗൺസിലർ ബിജു പോൾ അക്കരക്കാരൻ, അഡ്വ. ജോൺ നിതിൻ തോമസ്, ഭരതൻ പൊന്തേംകണ്ടത്ത്, കെ.ജി. ഉണ്ണികൃഷ്ണൻ, ജോസഫ് പള്ളിപ്പാട്ട്, എ.സി. സുരേഷ്, കെ കെ വിശ്വനാഥൻ, സനൽ കല്ലുക്കാരൻ, ജോമോൻ മണാത്ത്, എബിൻ ജോൺ, സന്തോഷ് ആലുക്കൽ എന്നിവർ പ്രസംഗിച്ചു.

എച്ച്.പി.വി. വാക്സിനേഷൻ ക്യാമ്പയിന് ജില്ലയിൽ തുടക്കം

തൃശൂർ: ഗർഭാശയഗള ക്യാൻസറിനെ പ്രതിരോധിക്കുന്ന എച്ച്പി.വി. വാക്സിനേഷൻ ക്യാമ്പയിൻ തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്തു. വാക്സിൻ ലഭിച്ച വിദ്യാർത്ഥിനികൾക്ക് മേയർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

തൃശ്ശൂർ ജനറൽ ആശുപത്രിയിൽ വെച്ച് നടന്ന ചടങ്ങിൽ ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ ഷീന ചന്ദ്രൻ അധ്യക്ഷത വഹിച്ചു. മെഡിക്കൽ ഓഫീസർ ഡോ. ശ്രീദേവി ടി.പി. വിഷയാവതരണം നടത്തി. പ്രോഗ്രാം മാനേജർ ഡോ. സജീവ് കുമാർ വിശിഷ്ടാതിഥിയായി.

ജില്ലാ ആർ.സി.എച്ച്. ഓഫീസർ ഡോ. ഷീജ എൻ.എ. ബോധവത്ക്കരണ ക്ലാസിന് നേതൃത്വം നൽകി. 3മാസം നീണ്ടു നിൽക്കുന്ന ക്യാമ്പയിൻ കാലയളവിൽ 14 വയസ്സ് പൂർത്തിയായതും എന്നാൽ 15 വയസ്സ് പൂർത്തിയാകാത്തതുമായ ജില്ലയിലെ പെൺകുട്ടികൾക്ക് ഗർഭാശയഗള കാൻസറിനെതിരെയുള്ള എച്ച് പി വി ഒറ്റ ഡോസ് വാക്സിൻ നൽകും. എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലും വാക്സിനേഷൻ നടത്തുന്നതാണ്.

അഡ്വ. ജോയ് ബാസ്റ്റിൻ ചാക്കോള, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. ഷീജ എൻ.എ, ആശുപത്രി സൂപ്രണ്ട് ഡോ. താജ് പോൾ പനക്കൽ, ഐ. എം. എ - ഐ.എ.പി. എന്നിവയുടെ വൈസ് പ്രസിഡൻറ് ഡോ. പവൻ മധുസൂദനൻ, മോഡൽ ഗേൾസ് സ്കൂൾ ഹെഡ്മിസ്ട്രസ് ഡോ. ബിന്ദു, ജനറൽ ആശുപത്രി ലേ സെക്രട്ടറി ടോണി എ.ജെ, ഉമാദേവി പി, നഴ്സിംഗ് സൂപ്രണ്ട് ജ്യോതി എം, ആൽജോ സി. ചെറിയാൻ, റൂബി പി എ എന്നിവർ സംസാരിച്ചു.

പാരാവെറ്റ് നിയമനം; കൂടിക്കാഴ്ച മാർച്ച് നാലിന്

ചേലക്കര: പഴയന്നൂർ ബ്ലോക്കിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് വഴി മൃഗചികിത്സാ സേവനം നൽകുന്നതിന് ഒരു പാരാവെറ്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. 90ൽ കുറഞ്ഞ ദിവസത്തേക്കാണ് നിയമനം. യോഗ്യത- വി എച്ച് എസ് സി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസിൽ നിന്നും വെറ്ററിനറി ലബോറട്ടറി ടെക്നിക്സ്, ഫാർമസി ആൻഡ് നഴ്സിങ്ങിൽ സ്റ്റൈപ്പന്റോടെ പരിശീലനം ലഭിച്ചവരുമാകണം. ഇവരുടെ അഭാവത്തിൽ വി എച്ച് എസ് സി ലൈഫ്സ്റ്റോക്ക് മാനേജ്മെന്റ്/ വി എച്ച് എസ് സി ഇൻ ഇൻ എൻ എസ് ക്യൂ എഫ് കോഴ്സ് ഡയറി ഫാർമർ എന്റർപ്രണർ/സ്മോൾ പൗൾട്രി ഫാർമർ യോഗ്യതയുള്ളവരേയും പരിഗണിക്കും. ലൈറ്റ് മോട്ടർ വെഹിക്കിൾ ലൈസൻസ് അഭിലഷണീയം. താത്പര്യമുള്ളവർ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ മാർച്ച് നാലിന് രാവിലെ 10.30 ന് ബന്ധപ്പെട്ട രേഖകൾ സഹിതം കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ: 0487 2361216.

താലൂക്ക് വികസന സമിതി യോഗം

തൃശൂർ: മുകുന്ദപുരം താലൂക്ക് വികസന സമിതിയുടെ മാർച്ച് മാസത്തെ യോഗം ഏഴാം തീയതി ശനിയാഴ്ച രാവിലെ 11ന് മുകുന്ദപുരം താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരുമെന്ന് തഹസിൽദാർ അറിയിച്ചു.

അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റ് സ്വാഗതം സംഘം ഓഫിസ് ഉദ്ഘാടനം

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടസെന്റ് തോമസ് കത്തിഡ്രൽ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ 3-ാമത് മാർ ജെയിംസ് പഴയാറ്റിൽ മെമ്മോറിയൽ അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റ് മാർച്ച് 15 മുതൽ 22 വരെ ഇരിങ്ങാലക്കുട മുനിസിപ്പൽ മൈതാനിയിലെ ഫ്ലഡ് ലിറ്റ് സ്റ്റേഡിയത്തിൽ വെച്ച് നടക്കും ആയതിന്റെ സ്വാഗതസംഘം ഓഫിസിന്റെ ഉദ്ഘാടനം കത്തിഡ്രൽ വികാരി റവ. ഡോ.ഫാ. ലാസർ കുറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു. കത്തിഡ്രൽ കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് സാബു കൂനൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ കൺവീനർ രഞ്ചി അക്കരക്കാരൻ, ചെയർമാൻ ഷാജു കണ്ടംകുളത്തി, കത്തിഡ്രൽ ട്രസ്റ്റി പി.ടി. ജോർജ്, കത്തോലിക്ക കോൺഗ്രസ് സെക്രട്ടറി റോബി കാളിയങ്കര, ട്രഷറർ ഡേവിസ് ചക്കാലക്കൽ, പ്രോഗ്രാം കോഡിനേറ്റർ ടെൽസൺ കോട്ടോളി, ജോ. കൺവീനർമാരായ ഷാജു പാറേക്കാടൻ, അഡ്വ. ഹോബി ജോളി, വർഗീസ് ജോൺ, ടീം കോ ഓഡിനേറ്റർ ജോസ് മാമ്പിള്ളി എന്നിവർ പ്രസംഗിച്ചു. കൂപ്പണിന്റെ വിതരണ ഉദ്ഘാടനം വിൽസൺ തെക്കേക്കരക്ക് നൽകി വികാരിയച്ചൻ നിർവഹിച്ചു.

സഹയാത്രിക ഒന്നാം വാർഷിക ആഘോഷം പ്രശസ്ത ചലച്ചിത്ര പിന്നണി ഗായകൻ പട്ടം സനിത്ത് പ്രസ്സ് ക്ലബ്ബിൽ ഉദ്ഘാടനം ചെയ്യുന്നു.

ബാർ ഹോട്ടലിലെ ബലാൽസംഗം: പ്രതിയെ കുറ്റക്കാരനല്ലെന്ന് കണ്ട് വെറുതെവിട്ടു

തൃശൂർ: വിവാഹമോചിതയായ സ്ത്രീയെ മാട്രിമോണിയൽ സൈറ്റ് വഴി പരിചയം സ്ഥാപിച്ച് വിവാഹം കഴിക്കാമെന്ന് പറഞ്ഞ് പ്രലോഭിപ്പിച്ച് കോവിഡ് കാലഘട്ടത്തിൽ ഗുരുവായൂരിലെ ഹോട്ടൽ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി പലപ്രാവശ്യം ബലാത്സംഗം ചെയ്യുകയും ദേഹോപദ്രവം ചെയ്ത് മൊബൈലിൽ നഗ്ന ഫോട്ടോകൾ എടുത്ത് പീഡന വിവരങ്ങൾ പുറത്തുപറഞ്ഞാൽ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന കേസിലെ പ്രതിയെ ചാവക്കാട് സ്പെഷ്യൽ ഫാസ്റ്റ് ട്രാക്ക് കോടതി സ്പെഷ്യൽ ജഡ്ജി വി.വിനോദ് വെറുതെ വിട്ടു. കണ്ണൂർ സ്വദേശി തിരുവാതിര വീട്ടിൽ പ്രഭാകരൻ മകൻ പ്രഗ്മേഷിനെയാണ് കോടതി കുറ്റവിമുക്തനാക്കിയത്.

വിവാഹമോചിതയായ ശേഷം പുനർ വിവാഹത്തിന് വേണ്ടി മാട്രിമോണിയൽ സൈറ്റിൽ അതിജീവിത പേര് രജിസ്റ്റർ ചെയ്തിരുന്നു. അതേ സൈറ്റിൽ തന്നെ വിവാഹമോചിതനായതിനുശേഷം പുനർവിവാഹം ആഗ്രഹിച്ച് പ്രതിയും തന്റെ പ്രൊഫൈൽ രജിസ്റ്റർ ആക്കിയിരുന്നുവത്രേ. തുടർന്ന് അതിജീവിത സോഷ്യൽ മീഡിയ വഴി പ്രതിയുമായി ബന്ധം സ്ഥാപിക്കുകയായിരുന്നു. അതിജീവിതയെ വിവാഹം കഴിക്കാമെന്ന് പ്രലോഭിപ്പിച്ച് നേരിൽ കാണാമെന്ന് പ്രതി ബലമായി പറഞ്ഞ് ഗുരുവായൂരിലെ ഹോട്ടലിൽ മുറിയെടുത്ത് കീഴ്പെടുത്തുകയായിരുന്നുവെന്നായിരുന്നു പ്രോസിക്യൂഷൻ കേസ്. സോഷ്യൽ മീഡിയയിലൂടെ ബന്ധം സ്ഥാപിച്ച് പണം തട്ടുക എന്ന ഉദ്ദേശത്തിൽ കള്ളക്കേസ് കൊടുക്കുകയാണെന്നായിരുന്നു പ്രതിഭാഗം വാദം. പ്രതിക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റുമാരായ സുജിത് അയിനിപ്പുള്ളി, നന്ദന സുനിൽകുമാർ എന്നിവരുടെ വാദങ്ങൾ അംഗീകരിച്ച് പ്രതിക്കെതിരെയുള്ള കേസ് നിലനിൽക്കില്ലെന്ന് കണ്ട് കോടതി പ്രതിയെ നിരുപാധികം വെറുതെ വിട്ടുത്തരവായി.

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 264/2024

ശ്രീശൈലം ഫിനാൻസ് കൊക്കാലെ, തൃശൂർ

-അന്യായം

തൃശൂർ താലൂക്ക് അടാട്ട് വില്ലേജ് ടി ദേശത്ത് കൊല്ലാറ ജയൻ ഭാര്യ അനിത

-1-ാം പ്രതി

മേൽ നമ്പറിലെ 1-ാം പ്രതിക്കുള്ള സമൻസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **13-03-2026** തിയ്യതിയിലേക്ക് വി